**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **18-01-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സർവ്വേ-ഭൂരേഖ വകുപ്പിൽ ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് സർവ്വേയർമാരുടെ എത്ര വീതം ഒഴിവുകൾ നിലവിലുണ്ട്; | (എ) | സർവ്വേ-ഭൂരേഖ വകുപ്പിൽ ഒന്നാം തരം സർവ്വെയർമാരുടെ 18 ഒഴിവുകളും രണ്ടാം ഗ്രേഡ് സർവ്വേയരുടെ 1 ഒഴിവുമുൾപ്പെടെ ആകെ 19 ഒഴിവുകളാണ് നിലവിലുള്ളത്. |
| (ബി) | ഈ വകുപ്പിൽ സർവ്വേ സൂപ്രണ്ട്, ഹെഡ് സർവ്വേയർ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ട്; | (ബി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ സർവ്വെ സൂപ്രണ്ടിന്റെ ഒരൊഴിവും, ഹെഡ് സർവ്വെയരുടെ 7 ഒഴിവുമാണ് നിലവിലുള്ളത്. |
| (സി) | പ്രസ്തുത വകുപ്പിൽ 01.12.2020 മുതൽ 30.04.2021 വരെ എത്ര ജീവനക്കാർ വിരമിക്കുന്നുണ്ടെന്ന വിവരം തസ്തിക തിരിച്ച് നൽകാമോ; | (സി) | സർവ്വെയും ഭൂരേഖയും വകുപ്പിൽ 01.12.2020 മുതൽ 30.04.2021 വരെ 29 ജീവനക്കാർ വിരമിക്കുന്നുണ്ട്. ഇതിൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ബൈൻഡർ ഗ്രേഡ് II എന്നീ തസ്തികകളിലെ ഒരോ ഒഴിവുവീതവും, സർവ്വെ സൂപ്രണ്ട് തസ്തികയിലെ 4 ഒഴിവുകളും, ഹെഡ് സർവ്വെയർ തസ്തികയിലെ 8 ഒഴിവുകളും, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാന്റെ 3 ഒഴിവുകളും, ഒന്നാം തരം സർവ്വെയറുടെ 11 ഒഴിവുകളും ഉൾപ്പെടുന്നു. |
| (ഡി) | സർവ്വേ-ഭൂരേഖ വകുപ്പിൽ 01.12.2020 മുതൽ 30.04.2021 വരെ എത്ര രണ്ടാം ഗ്രേഡ് തസ്തികകളിലെ സർവ്വേയർമാർക്ക് പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുണ്ട്; അറിയിക്കുമോ? | (ഡി) | ഫസ്റ്റ് ഗ്രേഡ് സർവ്വെയർ തസ്തികയിൽ 01.12.2020 മുതൽ 30.04.2021 വരെ വിരമിക്കുന്ന 11 ജീവനക്കാരിൽ 6 പേർ വിരമിക്കുന്നത് ഏപ്രിൽ 30-ാം തീയതി ആയതിനാൽ 01.05.2021 നാണ് ടി ഒഴിവ് നിലവിൽ വരുന്നത്. ആയതിനാൽ ടി കാലയളവിൽ വിരമിക്കൽ മൂലമുണ്ടാകാവുന്ന 5 ഒഴിവും ഫസ്റ്റ് ഗ്രേഡ് സർവ്വെയർ തസ്തികയിൽ നിലവിലുള്ള 18 ഒഴിവും ചേർത്ത് 23 പേർക്കാണ് സെക്കന്റ് ഗ്രേഡ് തസ്തികയിൽ പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുള്ളത്. |

സെക്ഷൻ ഓഫീസർ